പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 296 21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർവൽക്കരണം

ചോദ്യം

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

" മഞ്ഞളാംകുഴി അലി

" ടി.എ.അഹമ്മദ് കബീർ

" പി.ഉബൈദുള്ള

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (എ) | കെ.എസ്.ആർ.ടി.സി.യിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് സർക്കാർ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി പ്ലാൻ ഫണ്ടിൽ നിന്നും യഥാക്രമം 11 കോടി രൂപയും 12.10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ അംഗീകാരമുള്ള TSP കളിൽ നിന്നും പദ്ധതികൾ സ്വീകരിച്ച് പഠനം നടത്തിവരുന്നു. |
| (ബി) | ഡിപ്പോകളിൽ നിന്നുള്ള പ്രതിദിന കളക്ഷൻ വിവരം ശേഖരിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണത്തിലൂടെ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെയായിട്ടും ഇത്തരമൊരു സംവിധാനം ഒരുക്കാൻ കഴിയാത്തത്; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. |
| (സി) | കമ്പ്യൂട്ടർവൽക്കരണത്തിനായി കെ.എസ്.ആർ.ടി.സി. ശേഖരിച്ച് സൂക്ഷിക്കുന്ന ഡാറ്റ കുറ്റമറ്റതാണെന്ന് കരുതുന്നുണ്ടോ; യഥാസമയം വിവരശേഖരണം അപ്ഡേറ്റ് ചെയ്യാത്തതുകൊണ്ടാണ് ഈ സംവിധാനം ഫലപ്രദമാകാത്തതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്.<br>ലഭ്യമാകുന്ന വിവരങ്ങൾ എല്ലാം യഥാസമയം പരിഷ്കരിക്കുന്നുണ്ട്. അപാകതകൾ ശ്രദ്ധയിൽപെട്ടാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**